**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4220** **28-06-2024 - ൽ മറുപടിയ്ക്ക്**

**തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ ആരോഗ്യ ഉപകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ മണ്ഡലത്തിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ കേന്ദ്ര ഫണ്ടിൽ നിന്നും പുതുതായി അനുവദിച്ചിട്ടുള്ള ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണ്; ആയതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകാമോ? | (എ) | കെട്ടിടം ഇല്ലാത്ത സബ് സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഹെൽത്ത് ഗ്രാന്റ് തുകയായ 55,50,000/- രൂപ (ആദ്യ ഗഡു -27,75,000, രണ്ടാം ഗഡു -27,75,000/-) തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ മൈലാപ്പൂർ സബ് സെന്ററിന് അനുവദിച്ച 09/08/2023 ലെ സ.ഉ.(സാ)നം.1625/2023/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് ലഭിക്കുകയും 2023-24 ൽ പ്രൊജക്ട് നം. 413/23-24 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ പദ്ധതി രൂപീകരിക്കുകയും ചെയ്തു. മൈലാപ്പൂർ സബ് സെന്ററിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി പേരയം ചേരിയിൽ തഴുത്തല വില്ലേജിൽ ബ്ലോക്ക് നമ്പർ 23 ൽ 381/23 സർവ്വേ നമ്പറിൽ 1 ആർ 62 ച മീ (4 സെന്റ്) ഭൂമിയാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ ഹെൽത്ത് ഗ്രാന്റ് തുക ചെലവഴിച്ച സബ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് കുറഞ്ഞത് 5 സെന്റ് ഭൂമി ആവശ്യമാണ് എന്ന നിബന്ധന ഉള്ളതിനാലാണ് കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തതു എന്ന് അസിസ്റ്റന്റ് എഞ്ചിനീയറും കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറും അറിയിച്ചിട്ടുണ്ട്. ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് പഞ്ചായത്ത് ശ്രമം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ